ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 08.07.2025**

പ്രധാന വാർത്തകൾ

**TIME :12.50 PM**

1. **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വിദേശ പര്യടനം തുടരുന്നു; ഇന്ന് ബ്രസീൽ പ്രസിഡന്റുമായി ഉഭയകക്ഷി ചർച്ച നടത്തും.**

   **PM Narendra Modi's Foreign Tour Continues; Bilateral Talks with Brazilian President Scheduled for Today.**

2. **പരസ്പര സഹകരണത്തിലൂടെയും നയ പരിഷ്കാരങ്ങളിലൂടെയും, ഗ്ലോബൽ സൗത്ത് രാജ്യങ്ങളുടെ ശബ്ദമാകാൻ ബ്രിക്സ് കൂട്ടായ്മയ്ക്ക് സാധിക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ.**

   **BRICS Can Amplify the Voice of Global South Through Cooperation and Credible Reforms, says Finance Minister Nirmala Sitharaman.**

3. **പത്തനംതിട്ട കോന്നി ക്വാറി അപകടത്തിൽ, രക്ഷാ ദൗത്യം താത്കാലികമായി നിർത്തി വച്ചു.**

   **Rescue Operations Temporarily Halted in Konni Quarry Accident, in Pathanamthitta**

4. തമിഴ്നാട്ടിലെ കടലൂർ ജില്ലയിൽ ട്രെയിൻ സ്കൂൾ വാനിലിടിച്ച് രണ്ട് കുട്ടികൾ മരിച്ചു; മരിച്ചവരുടെ കുടുംബത്തിന് 5 ലക്ഷം രൂപ നഷ്ടപരിഹാരം പ്രഖ്യാപിച്ച് തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ.

**Two Children Killed as Train Hits School Van in Tamil Nadu's Cuddalore; CM M.K. Stalin Announces ₹5 Lakh Compensation for Families.**

5. വിംബിൾഡൺ ടെന്നീസിൽ ക്വാർട്ടർ ഫൈനൽ മത്സരങ്ങൾക്ക് ഇന്ന് തുടക്കം.

**Wimbledon Tennis Quarterfinal Matches To Begin Today.**

$$$$$$$$$$$$$$$$$$$$$$

**HEADLINE-1**

**PM MODI- BRASILIA(INTRO)**

*പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അഞ്ചു രാജ്യങ്ങളിലേക്കുള്ള സന്ദർശനം പുരോഗമിക്കുന്നു. ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുത്ത ശേഷം പ്രധാനമന്ത്രി ബ്രസീൽ തലസ്ഥാനമായ ബ്രസീലിയയിലെത്തി. പ്രധാനമന്ത്രി ഇന്ന് ബ്രസീൽ പ്രസിഡൻറുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും. പുനരുപയോഗ ഊർജം , കൃഷി , ഭീകരവിരുദ്ധ പ്രവർത്തനങ്ങൾ , രഹസ്യവിവര കൈമാറ്റം എന്നിവയുമായി ബന്ധപ്പെട്ട ധാരണാപത്രങ്ങളിൽ ഇന്ത്യയും ബ്രസീലും ഒപ്പുവയ്ക്കുമെന്ന് ബ്രസീലിലെ ഇന്ത്യൻ അംബാസിഡർ അറിയിച്ചു.*

*( വോയിസ്... )*

***57 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ബ്രസീലിയ സന്ദർശിക്കുന്നത്. ബ്രസീൽ സന്ദർശനത്തിന് ശേഷം വിദേശ പര്യടനത്തിന്റെ അവസാന പാദത്തിൽ ശ്രീ മോദി നാളെ നമീബിയയിലേക്ക് തിരിക്കും.***

**$$$$$$$$$$$$$$$$$$$$$$**

## HEADLINE-2

**PM – BRICS**

പരിസ്ഥിതി സംരക്ഷണം ധാർമിക ഉത്തരവാദിത്തമായി കാണുന്ന രാജ്യമാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ബ്രസീലിലെ റിയോ ഡി ജനീറോയിൽ നടന്ന ബ്രിക്സ് ഉച്ചകോടിയിൽ പരിസ്ഥിതി, ആഗോള ആരോഗ്യം എന്നിവ സംബന്ധിച്ച സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. തലമുറകളായി പ്രകൃതി സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന രാജ്യമാണ് ഇന്ത്യയെന്നും അദ്ദേഹം പറഞ്ഞു. ഉച്ചകോടിയുടെ ഭാഗമായി പ്രധാനമന്ത്രി ബൊളീവിയൻ പ്രസിഡന്റ് ഉറുഗ്വേ പ്രസിഡന്റ് എന്നിവരുമായി ഉഭയകക്ഷി കൂടിക്കാഴ്ചകളും നടത്തി.

**$$$$$$$$$$$$$$$$$$$$$$**

**Sitharaman – BRICS**

ആഗോള സ്ഥാപനങ്ങൾ നിരവധി പ്രതിസന്ധികൾ നേരിടുന്ന കാലഘട്ടത്തിൽ, എല്ലാവരെയും ഉൾക്കൊണ്ട് മുന്നോട്ട് പോകുന്നതിനുള്ള സുപ്രധാന വേദിയായിരിക്കും ബ്രിക്സ് എന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. റിയോ ഡി ജനീറോയിൽ ബ്രിക്സ് ധനമന്ത്രിമാരുടെയും സെൻട്രൽ ബാങ്ക് ഗവർണർമാരുടെയും യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീമതി സീതാരാമൻ. പരസ്പര സഹകരണത്തിലൂടെയും നയ പരിഷ്കാരങ്ങളിലൂടെയും, ഗ്ലോബൽ സൗത്ത് രാജ്യങ്ങളുടെ ശബ്ദമാകാൻ ബ്രിക്സിന് സാധിക്കുമെന്നും കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു.

**$$$$$$$$$$$$$$$$$$$$$$**

## PARLIAMENT

പാർലമെന്റിന്റെ വർഷകാല സമ്മേളനം ഈ മാസം 21 മുതൽ ഓഗസ്റ്റ് 12 വരെ നടക്കും. പ്രതിപക്ഷം ആവശ്യപ്പെട്ട പ്രസക്ത വിഷയങ്ങൾ ഈ സമ്മേളനത്തിൽ ചർച്ച ചെയ്യാമെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$

**BIHAR TRAINS**

ബിഹാറിൽ അടിസ്ഥാന സൗകര്യ വികസനത്തിനും റെയിൽ കണക്ടിവിറ്റി മെച്ചപ്പെടുത്താനും ലക്ഷ്യമിട്ടുള്ള നിരവധി പദ്ധതികൾ പ്രഖ്യാപിച്ച് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. ബിഹാറിലേക്ക് നാല് പുതിയ അമൃത് ഭാരത് ട്രെയിനുകളും കേന്ദ്രമന്ത്രി പ്രഖ്യാപിച്ചു. നിരവധി വന്ദേഭാരത്, നമോ ഭാരത് ട്രയിനുകളും ബിഹാറിന് നൽകുമെന്ന് അദ്ദേഹം അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$

**NIPAH – KERALAM**

കേരളത്തിൽ നിപ വ്യാപനത്തിനെതിരെ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതം. സമ്പർക്ക പട്ടികയിൽ നിലവിൽ 461 പേരാണുള്ളത്. നിപ സ്ഥിരീകരിച്ച പാലക്കാട് സ്വദേശിനി ചികിത്സയിൽ തുടരുകയാണ്. അതേസമയം, നിപ റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളിലെ വവ്വാലുകളിൽ നിന്നും സാമ്പിൾ ശേഖരിക്കുന്നതിനായി നാഷണൽ വൈറോളജി ഇൻസ്റ്റിട്യൂട്ടിൽ നിന്നും വിദഗ്ദ്ധ സംഘം സംസ്ഥാനത്തെത്തും.

$$$$$$$$$$$$$$$$$$$$$$

**HEADLINE-3**

**QUARRY ACCIDENT**

പത്തനംതിട്ട കോന്നി പയ്യനാമൺ ചെങ്കളത്ത് ക്വാറിയിൽ പാറയിടിഞ്ഞ് വീണുണ്ടായ അപകടത്തിൽ, കുടുങ്ങിക്കിടക്കുന്ന ബീഹാർ സ്വദേശി അജയ് റായിക്കായുള്ള രക്ഷാ ദൗത്യം താത്കാലികമായി നിർത്തി വച്ചു. അപകടകരമായ രീതിയിൽ പാറ ഇളകി വീഴുന്നതും കൂടുതൽ സജ്ജീകരണങ്ങൾ ആവശ്യമുണ്ടെന്നതും കണക്കിലെടുത്താണ് രക്ഷാ പ്രവർത്തനം നിർത്തിയത്. ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ രാവിലെ മുതൽ സ്ഥലത്ത് തുടരുകയാണ്. ആലപ്പുഴ, കൊല്ലം ജില്ലകളിൽ നിന്ന് ലോങ് ബും എസ്കവേറ്റർ അടക്കം എത്തിച്ച ശേഷം ദൗത്യം തുടരും.

$$$$$$$$$$$$$$$$$$$$$$$

## V. SIVANKUTTY

കോന്നിയിൽ ക്വാറിയിലുണ്ടായ അപകടം അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ മന്ത്രി വി.ശിവൻകുട്ടി അഡീഷണൽ ലേബർ കമ്മീഷണർ കെ ശ്രീലാലിന് നിർദ്ദേശം നൽകി. അപകടത്തിൽ മരിച്ച തൊഴിലാളിയുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകും. മൃതദേഹം നാട്ടിലെത്തിക്കാനുള്ള നടപടികളും തൊഴിൽ വകുപ്പ് സ്വീകരിക്കുമെന്ന് മന്ത്രി അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$

## PERUMON

ഇന്ന് പെരുമൺ തീവണ്ടി ദുരന്തത്തിന്റെ 37-ാം വാർഷികം. 1988 ജൂലൈ എട്ടിന് ഉച്ചയ്ക്കായിരുന്നു രാജ്യത്തെ നടുക്കിയ ദുരന്തം. ഐലൻഡ് എക്സ്പ്രസ് ബോഗികൾ അഷ്ടമുടിക്കായലിലേക്ക് പതിച്ചുണ്ടായ അപകടത്തിൽ 105 പേർ മരിക്കുകയും ഇരുന്നൂറോളം പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. പെരുമൺ തീവണ്ടി ദുരന്ത അനുസ്മരണ സമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അനുസ്മരണ പരിപാടി എൻ.കെ. പ്രേമചന്ദ്രൻ എം.പി. ഉദ്ഘാടനം ചെയ്തു.

$$$$$$$$$$$$$$$$$$$$$$$

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.

(ബ്രേക്ക്)

$$$$$$$$$$$$$$$$$$$$$$$

## BUS STRIKE

സംസ്ഥാന വ്യാപകമായി സ്വകാര്യ ബസ് ഉടമകൾ ആഹ്വാനം ചെയ്ത സൂചനാ പണിമുടക്ക് തുടരുന്നു. സമരം ഒഴിവാക്കാൻ ബസ് ഉടമകളുമായി ഗതാഗത കമ്മീഷണർ ഇന്നലെ നടത്തിയ ചർച്ച പരാജയപ്പെട്ടിരുന്നു. മന്ത്രി കെ ബി ഗണേഷ് കുമാർ, ബസ് ഉടമകളുമായി വീണ്ടും ചർച്ച നടത്തും. പണിമുടക്ക് കണക്കിലെടുത്ത് KSRTC കൂടുതൽ സർവീസ് നടത്തുന്നുണ്ട്.

$$$$$$$$$$$$$$$$$$$$$$$$

**NATIONAL STRIKE**

വിവിധ തൊഴിലാളി സംഘടനകൾ ആഹ്വാനം ചെയ്ത ദേശീയ പണിമുടക്ക് ഇന്ന് അർധരാത്രി ആരംഭിക്കും. നാളെ അർധരാത്രി വരെയാണ് പണിമുടക്ക്.

## HEADLINE-4

**TN TRAIN ACCIDENT**

തമിഴ്നാട്ടിലെ കടലൂർ ജില്ലയിൽ ട്രെയിൻ സ്കൂൾ വാനിലിടിച്ച് രണ്ട് കുട്ടികൾ മരിച്ചു. നിരവധി പേർക്ക് ഗുരുതര പരിക്ക്. ഇന്ന് രാവിലെ ശെമ്മാങ്കുപ്പത്തിനടുത്തുള്ള ആളില്ലാ ലെവൽ ക്രോസിലായിരുന്നു അപകടം. സംഭവത്തെത്തുടർന്ന്, ഡ്യൂട്ടിയിലുണ്ടായിരുന്ന ഗേറ്റ് കീപ്പർ പങ്കജ് ശർമ്മയെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തു. അപകടത്തെ കുറിച്ച് അന്വേഷിക്കാൻ ഉന്നതതല സമിതി രൂപീകരിച്ചു. അപകടത്തിൽ അനുശോചനം രേഖപ്പെടുത്തിയ തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ മരിച്ചവരുടെ കുടുംബത്തിന് 5 ലക്ഷം രൂപയും ഗുരുതരമായി പരിക്കേറ്റവർക്ക് ഒരു ലക്ഷം രൂപയും പരിക്കേറ്റ മറ്റുള്ളവർക്ക് 50,000 രൂപയും നഷ്ടപരിഹാരം പ്രഖ്യാപിച്ചു.

$$$$$$$$$$$$$$$$$$$$$$$$

**Telangana blast**

തെലങ്കാനയിലെ മരുന്ന് നിർമ്മാണ കേന്ദ്രത്തിലുണ്ടായ സ്ഫോടനത്തിൽ മരണസംഖ്യ 44 ആയി. സംഗറെഡ്ഡി ജില്ലയിൽ ചികിത്സയിലുണ്ടായിരുന്ന രണ്ട് തൊഴിലാളികളാണ് ഇന്ന് മരിച്ചത്. 16 പേർ വിവിധ ആശുപത്രികളിൽ ചികിത്സയിൽ തുടരുകയാണ്. ജൂൺ 30-നാണ് സംഗറെഡി ജില്ലയിലെ പശമിലാറമിൽ മരുന്ന് നിർമ്മാണ കേന്ദ്രത്തിൽ പൊട്ടിത്തെറി ഉണ്ടായത്.

$$$$$$$$$$$$$$$$$$$$$$$$

**P HARISH UN (INTRO)**

***ഇന്ത്യ- അഫ്ഗാനിസ്ഥാൻ ബന്ധം ദീർഘനാളത്തെ സൗഹൃദത്തിലും അഫ്ഗാൻ ജനതയോടുള്ള പ്രത്യേക ബന്ധത്തിലും ഊന്നിയുള്ളതാണെന്ന് ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പർവതനേനി ഹരീഷ്. മാനുഷിക സഹായം , അഫ്ഗാൻ ജനതയുടെ കാര്യക്ഷമതാ നിർമ്മാണം എന്നിവയ്ക്കാണ് ഇന്ത്യ പ്രാധാന്യം നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു. പഹൽഗാം ഭീകരാക്രമണത്തെ അപലപിച്ച അഫ്ഗാനിസ്ഥാൻ നടപടിയെ ഇന്ത്യ സ്വാഗതം ചെയ്യുന്നതായും പി ഹരീഷ് പറ ഞ്ഞു.***

***(ഹോൾഡ് വോയ്സ്.......)***

$$$$$$$$$$$$$$$$$$$$$$

## HEADLINE-5

**Wimbledon**

വിംബിൾഡൺ ടെന്നീസിൽ ക്വാർട്ടർ ഫൈനൽ മത്സരങ്ങൾക്ക് ഇന്ന് തുടക്കം. വനിതാ സിംഗിൾസിൽ ലോക ഒന്നാം നമ്പർ താരം ബെലാറസിന്റെ അര്യന സബലെങ്ക ജർമ്മൻ താരം ലോറ സൈഗ മുണ്ടെയെ ഇന്ന് നേരിടും. വൈകിട്ട് ആറുമണിക്കാണ് മത്സരം. ഇന്ന് നടക്കുന്ന പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ നിലവിലെ ചാമ്പ്യൻ സ്പെയിനിന്റെ കാർലോസ് ആൽക്കരസ് ബ്രിട്ടീഷ് താരം കാമറൂൺ നോറിയെയും അഞ്ചാം സീഡ് ടെയ് ലർ ഫ്രിട്സ് സീഡില്ലാ താരം കാരൻ കചനോവിനെയും നേരിടും.

$$$$$$$$$$$$$$$$$$$$$$

**IMD-WEATHER**

ഛത്തീസ്ഗഢ്, കിഴക്കൻ രാജസ്ഥാൻ, ഹരിയാന, ചണ്ഡീഗഡ്, ഡൽഹി, കൊങ്കൺ, ഗോവ, തെലങ്കാന, ഉത്തരാഖണ്ഡ്, വിദർഭ തുടങ്ങിയ ഇടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അടുത്ത നാലു ദിവസം രാജ്യത്തിന്റെ പടിഞ്ഞാറൻ തീരത്ത് കനത്ത മഴ തുടരുമെന്ന് കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി.

കേരളത്തിലും ഒറ്റപ്പെട്ടയിടങ്ങളിൽ മഴയ്ക്ക് സാധ്യത. ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ഈ മാസം 11 വരെ കർണാടക തീരത്ത് നിന്ന് മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

$$$$$$$$$$$$$$$$$$$$$$

## TEXAS FLOOD

യു എസി ലെ ടെക്സസിൽ കഴിഞ്ഞയാഴ്ചയുണ്ടായ കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും മരിച്ചവരുടെ എണ്ണം 100 കവിഞ്ഞു. സമ്മർ ക്യാമ്പിൽ പങ്കെടുക്കാനെത്തിയ 27 കുട്ടികളും കൗൺസിലർമാരും മരിച്ചവരിൽ ഉൾപ്പെടുന്നു. ദുരിതബാധിത പ്രദേശങ്ങളിൽ രക്ഷാപ്രവർത്തകർ തിരച്ചിൽ തുടരുകയാണ്.

$$$$$$$$$$$$$$$$$$$$$$

## TRUMP-NETANYAHU TALKS

സമാധാനവും സുരക്ഷയും പ്രോത്സാഹിപ്പിക്കുന്നതിൽ അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ് സ്വീകരിച്ചിട്ടുള്ള ശ്രദ്ധേയ നിലപാടുകൾ കണക്കിലെടുത്ത് അദ്ദേഹത്തെ സമാധാനത്തിനുള്ള നോബൽ സമ്മാനത്തിന് നാമനിർദേശം ചെയ്യുന്നതായി ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു. വൈറ്റ് ഹൗസിൽ നടന്ന കൂടിക്കാഴ്ചയിൽ നോബൽ കമ്മിറ്റിക്ക് അയച്ച നാമനിർദ്ദേശ കത്തിന്റെ പകർപ്പ് നെതന്യാഹു പ്രസിഡന്റ് ട്രംപിന് നേരിട്ട് കൈമാറി.

$$$$$$$$$$$$$$$$$$$$$$

## SENSEX+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 39 പോയിന്റ് ഉയർന്ന് 83,481 ലും നിഫ്റ്റി 5 പോയിന്റ് ഉയർന്ന് 25,466 ലും വ്യാപാരം തുടരുന്നു.

സ്വർണ വില കൂടി. ഗ്രാമിന് 50 രൂപ വർധിച്ച് 9,060 രൂപയും പവന് 72,480 രൂപയുമാണ് ഇന്നത്തെ വില.

$$$$$$$$$$$$$$$$$$$$$$

## JK - PM ADVISORY

പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവായ തരുൺ കപൂർ, ജമ്മു കശ്മീരിലെ വികസന പദ്ധതികൾ അവലോകനം ചെയ്തു. ശ്രീനഗറിൽ വിളിച്ചുചേർത്ത ഉന്നതതല യോഗത്തിൽ, വിവിധ ജലവൈദ്യുത പദ്ധതികൾ, ഉധംപൂർ-ശ്രീനഗർ-ബാരാമുള്ള റെയിൽ ലിങ്ക് ഉൾപ്പെടെയുള്ള റെയിൽവേ പദ്ധതികൾ, വിവിധ റോഡ് വികസന പദ്ധതികൾ തുടങ്ങിയവ ചർച്ചയായി. ജമ്മു കശ്മീരിന്റെ വികസനത്തിന് കേന്ദ്രം വലിയ പ്രാധാന്യമാണ് നൽകുന്നതെന്നും മേഖലയെ സമഗ്ര വികസനത്തിന്റെയും ഡിജിറ്റൽ ഭരണ സംവിധാനത്തിന്റെയും മികച്ച മാതൃകയാക്കി മാറ്റാനാണ് ശ്രമമെന്നും ശ്രീ തരുൺ കപൂർ വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$$